**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3475</u>** **<u>08-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ</u>**

| **ചോദ്യം** | | **ഉത്തരം** | |
| --- | --- | --- | --- |
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം, അദ്ധ്യാപകരുടെ അനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ച നൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ജീവനക്കാർ വൻ തോതിൽ കൈക്കൂലി വാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ ചില ഒറ്റപ്പെട്ട പരാതികൾ ലഭിക്കുകയും സർക്കാർ തലത്തിൽ വിവിധ ആർ.ഡി.ഡി ഓഫീസുകളിൽ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നിലവിലെ ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ